# KSSIA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. DECEMBER 2022. ₹ 5.00

VOL.1 - ISSUE NO. 12 - DATE OF PUBLICATION 25TH DECEMBER 2022 - REGN. NO. KERBIL/2005/23143




## ബഹു.വ്യവസായ കയർ നിയമ വകുപ്പ് മന്ത്രി പി. രാജീവ് വിളിച്ചു കൂടിയ യോഗത്തിൽ സംസ്ഥാന പ്രസിഡന്റും ജനറൽ സെക്രട്ടറിയും ചേർന്ന് കെ.എസ്.എസ്.ഐ.എ.യുടെ വ്യവസായ കരട് നയ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു


വിഴിഞ്ഞം – പ്രശ്നവും പ്രസക്തിയും 3

സംരംഭക വർഷം: സർക്കാരിനും വ്യവസായ വകുപ്പിനും അഭിമാനകരമായ നേട്ടം 5

ഞങ്ങളൊപ്പമുണ്ട് 6

സംരംഭകർക്കൊപ്പമുണ്ട് കെ.എഫ്.സി. 7

ജി.എസ്.റ്റി.യിലെ ഇ–വേ ബിൽ 8

മുളയിൽ തീർത്ത വിസ്മയങ്ങൾ 12




KFC കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ
we finance your dream

# മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതി

ചെറുകിട ഇടത്തര വ്യവസായ സംരംഭകർക്ക് 2 കോടി വരെ

**5%**

പലിശ നിരക്കിൽ വായ്പ

പദ്ധതി ചിലവിന്റെ 90% വരെ വായ്പ

സ്റ്റാർട്ടപ്പുകൾക്ക് 5.6% നിരക്കിൽ വായ്പ

നോർക്കയുടെ പ്രവാസി വായ്പ 2% നിരക്കിൽ



കൂടുതൽ വിവരങ്ങൾക്ക്

ടോൾ ഫ്രീ നമ്പർ : 1800 425 8590

Apply online at www.kfc.org


ഫോൺ നമ്പർ : +91 471 2737 566 / 500

email:cmedp@kfc.org

Head Office: Vellayambalam
Thiruvananthapuram
Kerala- 33, India

THE KERALA STATE SMALL INDUSTRIES ASSOCIATION
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. Ph : 0484-2532118
kssiastate@gmail.com, www.kssia.com

STATE OFFICE BEARERS
FOR THE YEAR 2022-2024

STATE PRESIDENT
A. Nizarudeen
Naz Wood Industries, T.K.M.C.P.O.,
Karicode, Kollam - 05. Mob: 94477 10078
Email: nazwoodind@gmail.com

GENERAL SECRETARY
P.J. Jose
Pallipadan Enterprises, Marottichuvadu, Edapally,
Cochin - 682 024. Mobile: 98460 53553
Email: info@manoramasalescorporation.com

STATE VICE PRESIDENTS

SOUTH ZONE
A. Fasiludeen
Travancore New Tech Interlock Bricks,
Pulimath, Karette, Trivandrum - 695 612.
Mob: 94007 04000, Email: fthoppil@yahoo.com

CENTRAL ZONE
Abraham Kuriakose
Perfect Crumbs,
Amayannoor P.O., Kottayam - 686 019.
Mob: 94470 43445, Email: perfectcorp@yahoo.com

NORTH ZONE
A.V. Sunilnath
Ferrero Vinyil Technologies (Pvt) Ltd, 7/342,
Kolathra P.O., Kozhikode - 673 655.
Mob: 93497 44145,
Email: sunilnath@walkaroogroup.com

STATE TREASURER
Joseph Paikada
Indo-Malabar Foods (P) Ltd, N.H. Road, Kanhirangad,
Taliparamba, Kannur - 670 142.
Mob: 94972 24422, Email: josephpaikada@gmail.com

STATE JOINT SECRETARIES
V.K. Harilal (South Zone)
Venice Coir Company, I D Plot, Vadackal P.O.,
Alappuzha - 688 003. Mob: 98472 30058

B. Jayakrishnan (Central Zone)
Toyo Rubbers, Kumaramangalam P.O., Thodupuzha.
Mob: 94473 30569

George Mundakkal (North Zone)
Paulson Fertilizers, Kalluvayal, Sulthan Bathery P.O.,
Wayanad. Mob: 94472 95110

EDITORIAL BOARD
Chief Editor
S. Salim
Mobile: 93873 05751
Email: md@unicornplywoods.com

MEMBERS

| | |
|---|---|
| A. Nizarudeen | Mob: 94477 10078 |
| P. J. Jose | Mob: 98460 53553 |
| Rajesh. G | Mob: 98957 03837 |
| Thomas Mathew | Mob: 94470 46411 |

PRINTER & PUBLISHER
K.P. Ramachandran Nair
Mobile: 94470 17899

PRINTING, COVER DESIGN & LAYOUT
Rajsree Industrial Printer, Edayar.

KSSiA NEWS
www.kssia.com
വ്യവസായ മാസിക
kssianews@gmail.com e-magazine

Journal of THE KERALA STATE SMALL INDUSTRIES ASSOCIATION DECEMBER 2022 ₹ 5.00

## എഡിറ്റോറിയൽ

# വിഴിഞ്ഞം – പ്രശ്നവും പ്രസക്തിയും



**അ**മർഷവും അസംതൃപ്തിയും ക്രമസമാധാന പ്രശ്നങ്ങളും, ഒട്ടൊന്നു ശാന്തമായ ഈ സന്ദർഭത്തിൽ, പ്രശ്നങ്ങൾ യുക്തി ഭദ്രമായി വിശകലനം ചെയ്ത് പരിഹാരം കാണേണ്ടത്, സംസ്ഥാന വികസനത്തിന്റെ അനിവാര്യമായ ആവശ്യമാണ്. സമരം കലാപത്തിലേക്ക് വഴി തെറ്റിയപ്പോൾ, ഇച്ഛാശക്തി കാട്ടിയ ഭരണക്കൂടവും, സംയമനം പാലിച്ച പൗരോഹിത്യവും ഒത്തു തീർപ്പിന് വഴി തെളിച്ചതിൽ അഭിനന്ദനം അർഹിക്കുന്നു.

നഷ്ടവും വേദനയും ഇല്ലാതെ പുതുതായി ഒന്നും, ഒരിടത്തും പിറവിയെടുത്തിട്ടില്ല. അധികാരികൾ വർഷങ്ങൾ നീണ്ട ആലോചനയിലുടെ ഉറപ്പിച്ചെടുത്ത് പണി തുടങ്ങിയ, കോടികൾ ചെലവഴിച്ച വിഴിഞ്ഞം പദ്ധതി, പാതിവഴിയിലുപേക്ഷിക്കുക അസാധ്യമാണെന്ന സത്യം നാം അംഗീകരിച്ചേ മതിയാകു.

കേരളത്തിന്റെ ഈ പദ്ധതി, ലോക വ്യവസായ രംഗത്തേക്കുള്ള ഇന്ത്യയുടെ വിശാല കവാടമാണ്. ഇന്ത്യ ഇപ്പോൾ ട്രാൻസ്ഷിപ്പ്മെന്റിന് ആശ്രയിക്കുന്നത് കൊളംമ്പോ, സിംഗപ്പൂർ, ദുബൈ എന്നീ രാജ്യങ്ങളെയാണ്. ഈ ഇടങ്ങളെ അപേക്ഷിച്ച് വളരെ വിപുലമായ സാധ്യതകളാണ് 'വിഴിഞ്ഞം' തുറക്കുന്നത്. ഇതാകട്ടെ ഇന്ത്യയുടെ സുവർണ്ണ ഭാവിക്കും കേരളത്തിന്റെ സാമ്പത്തിക വികസനത്തിനും വഴിയൊരുക്കുമെന്നതിൽ സംശയമില്ല. സാമ്പത്തിക വിദഗ്ധരുടെയും ശാസ്ത്ര ചിന്തകരുടേയും പഠന മനനങ്ങൾ ഇത് വ്യക്തമാക്കുന്നു.

രാജ്യ സുരക്ഷയുടെ സുപ്രധാനമായൊരു പങ്കും ഈ പദ്ധതിക്കുണ്ട്. ഇപ്പോൾ നാം പ്രധാനമായും ചരക്ക് നീക്കത്തിന് ആശ്രയിക്കുന്ന ഒരു തുറമുഖമാണല്ലോ 'കൊളംമ്പോ'. ഇവിടമിപ്പോൾ ചൈനയുടെ മേൽക്കോയ്മയിലാണ്. അതു തന്നെയാണ് നമ്മിൽ പ്രത്യാഘാതത്തിന്റെ ഉത്ക്കണ്ഠയുണർത്തുന്നത്.

കൂടാതെ, ചരക്ക് നീക്കത്തിന്റെ ഗതാഗത സൗകര്യം ഏറെയുള്ള ഒരു തുറമുഖമാണ് വിഴിഞ്ഞം. കപ്പൽ പാതയിൽ നിന്നുള്ള ദൂരം പത്തു നോട്ടിക്കൽ കിലോമീറ്റർ മാത്രം. ആഴമാകട്ടെ, പ്രകൃതിദത്തമായ ഇരുപത്തിനാലു മീറ്ററും. ഇന്ത്യയിലെ മറ്റുള്ള തുറമുഖങ്ങളെ അപേക്ഷിച്ച്, ഈ തുറമുഖത്തിന്റെ ആഴം കൂടുതലും അകലം കുറവുമാണ്. മാത്രമല്ല, മറ്റുള്ള തുറമുഖങ്ങളിൽ കാലാവസ്ഥഭേദങ്ങളിലെ, വേലിയേറ്റ–ഇറക്കങ്ങൾ കൊണ്ട് ആഴം കുറവും കൂടുതലും മാറിമാറി വരിക സർവ്വ സാധാരണമാണ്. അതുമൂലമുണ്ടാകുന്ന ഗതാഗത തടസ്സങ്ങൾ നേരെയാക്കാനുള്ള ചെലവും കപ്പിത്താൻമാരുടെ ബുദ്ധിമുട്ടും അനുഭവ സമ്പന്നർ ചൂണ്ടികാട്ടുന്നു. വിഴിഞ്ഞത്തിന്റ പ്രകൃതിദത്തമായ ആഴവും സുഗമമായ പാതയും പ്രസക്തമായി തീരുന്നത് ഇവിടെയാണ്.

ഈ പദ്ധതി യഥാർത്ഥ്യമായാൽ തൊഴിലവസരങ്ങൾ വർദ്ധിക്കുകയും ജീവിത വഴിതേടി കേരളയുവത്വം വിദേശങ്ങളിൽ അഭയം തേടുന്നതും നിരാശരായി ആത്മഹത്യയെ ആശ്രയിക്കുന്നതും ഒഴിവാക്കാനാകും ആഗോള വ്യാപാരത്തിന്റെ വികസനവും കയറ്റുമതിയുടെ വർദ്ധനയും നമ്മെ സാമ്പത്തിക വികസനത്തിലേക്ക് നയിക്കുകയും ചെയ്യുമെന്നതിൽ സംശയമില്ല. നമ്മുടെ രാജ്യത്തെ ലോകത്തിന്റെ നെറുകയിലെത്തിക്കാൻ ഇത് ഉതകുമെന്നാണ് അറിവുള്ളവർ അഭിപ്രായപ്പെടുന്നത്.

കേരളമാകട്ടെ, ഇപ്പോൾ വ്യവസായ പ്രോൽസാഹനത്തിന്റെ ഉൽസാഹത്തിലാണ്. പുതിയ സംരംഭകരെ, പരമാവധി പ്രോൽസാഹിപ്പിക്കുന്ന ഈ സാഹചര്യത്തിൽ, വ്യവസായ പുരോഗതിക്ക്, വിഴിഞ്ഞം പദ്ധതിയും, ഒപ്പം ചേർന്നു വരുന്ന ലിങ്ക് റോഡും സഹായകമായിത്തീരും എന്നതിൽ സംശയമില്ല. അതു കൊണ്ട് തന്നെ, വികസന പദ്ധതികളുമായി മുന്നോട്ടു പോകുന്ന, ഇച്ഛാശക്തിയുള്ള ഈ സർക്കാർ, ധൃതഗതിയിൽ ഈ പദ്ധതികൾ പൂർത്തികരിക്കുമെന്ന വിശ്വാസത്തോടെ.

**എസ്. സലിം**
**ചീഫ് എഡിറ്റർ**



# In need of funds?

## Check out KSIDC's loan portfolio

- TERM LOAN
- EQUIPMEMT LOAN
- CM FINANCIAL ASSISTANCE for MSME
- BILL DISCOUNTING SCHEMES
- WORKING CAPITAL LOAN
- CORPORATE LOAN
- SEED FUND ASSISTANCE to START-UPS
- LOAN FOR CARAVANS AND CARAVAN PARKS
- WE-MISSION SCHEME FOR WOMEN ENTREPRENEURS

*For further information contact*

**Toll free no: 18008901030**
**Phone: 0471-2318922. 0484-23230101**
Enquires: bd@ksidcmail.org, enquiry@ksidcmail.org

kswift.kerala.gov.in ▪ www.ksidc.org

KSIDC

**Kerala State Industrial Development Corporation Ltd.**
**Head Office:** T.C. XI/266, Keston Road, Kowdiar, **Thiruvananthapuram**-695 003
**Regional Office:** 2nd Floor, Choice Towers, Manorama Junction, **Kochi**-682016
**Kozhikode:** 1st Floor, BSNL GM Office, Annex Building, Balan K Nair Road, Asokapuram-673001

## പ്രസിഡൻഷ്യൽ റിപ്പോർട്ട്



എന്റെ സംരംഭം നാടിന്റെ അഭിമാനം

# സംരംഭക വർഷം: സർക്കാരിനും വ്യവസായ വകുപ്പിനും അഭിമാനകരമായ നേട്ടം


ഒരു വർഷം കൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ എന്ന പ്രഖ്യാപനവുമായി വ്യവസായ വകുപ്പ് തുടങ്ങിയ സംരംഭക വർഷം 8 മാസം പിന്നിട്ടപ്പോൾ തന്നെ ലക്ഷ്യം കാണാൻ സാധിച്ചു. 6,130 കോടി നിക്ഷേപമാണ് ഈ പദ്ധതിയിലൂടെ കേരളത്തിന് ലഭിച്ചത്. കൂടാതെ 2,16,000 തൊഴിൽ അവസരവും ഇതിലൂടെ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ 30,000 വനിത സംരംഭകരാണ് എന്നത് വളരെ സന്തോഷകരമായ വസ്തുത ആണ്. കേരളത്തിലെ വ്യവസായ അന്തരീക്ഷം മെച്ചപ്പെട്ടതിന്റെ വലിയൊരു തെളിവാണ് ഈ നേട്ടം. 100 ശതമാനത്തിൽ കൂടുതൽ നേട്ടം കൈവരിച്ച എല്ലാ ജില്ലകൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ. കൂടാതെ പിന്നോക്ക ജില്ലയായ വയനാട് 100 ശതനാം നേട്ടം കൈവരിച്ചത് വ്യവസായ വകുപ്പിന്റെ കാര്യക്ഷമത എടുത്ത് കാണിക്കുന്നു. പ്രസ്തുത ലക്ഷ്യം കൈവരിക്കാനായി സർക്കാരിനോട് കൈ കോർത്ത് നിന്ന എല്ലാ വകുപ്പുകൾക്കും, ഉദ്യോഗസ്ഥർക്കും പ്രത്യേകം അഭിനന്ദനം അറിയിക്കുന്നു. പ്രത്യേകിച്ച് വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവിന്റെ സ്തുത്യർഹമായ സേവനം എടുത്ത് പറയേണ്ടതാണ്. നിലവിലെ ബ്രാന്റ് അംബ സിഡർമാരായ വ്യവസായികളുടെ പരിരക്ഷ കൂടി വ്യവസായ വകുപ്പും മന്ത്രിയും ഉറപ്പ് വരുത്തേണ്ടതാണ്.

സംസ്ഥാനത്തിന്റെ വ്യവസായ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യം വെച്ച് കൊണ്ട് ദീർഘ വീക്ഷണത്തോടു കൂടിയ ഒരു വ്യവസായ നയത്തിന് രൂപം നല്കാനുള്ള സംസ്ഥാന സർക്കാരിന്റെ നടപടിയെ ആദ്യമായി അഭിനന്ദിക്കുന്നു. അടുത്ത 5 വർഷം വ്യവസായ മേഖലയിൽ നടപ്പാക്കുന്ന സർക്കാർ പദ്ധതികൾക്ക് കരട് വ്യവസായ നയത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. സ്റ്റാർട്ടപ്പുകളും എം.എസ്.എം.ഇ. കളും ആരംഭിക്കുന്നതിന് സൗകര്യപ്രദവും സുഗമമായും ഭൂമി അനുവദിക്കുന്നതിനായി സംസ്ഥാന – ജില്ലതലങ്ങളിൽ ഒരു സമർപ്പിത ലാന്റ് ബാങ്ക് വികസിപ്പിക്കൽ, കൊച്ചി, പാലക്കാട്, ഹൈടെക്ക് ഇടനാഴിയുടെ വികസനം, മലബാർ മേഖലയിൽ കൊച്ചി – മംഗലാപുരം വ്യവസായ ഇടനാഴി സ്ഥാപിക്കൽ, കേരള ഭൂപരിഷ്ക്കരണ നിയമം 1963 പ്രകാരം വ്യവസായിക ആവശ്യത്തിനായുള്ള ഭൂമിക്ക് ഇളവവുകൾ നല്കൽ, ഗുണ നിലവാര പരിശോധനയ്ക്കു കീഴിൽ എം.എസ്.എം.ഇ. ഉല്പാദിപ്പിക്കുന്ന ഉയർന്ന ഗുണ നിലവാരമുള്ള ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് നിക്ഷേപ പ്രോത്സാഹന പരിപാടികൾ സംഘടിപ്പിക്കൽ, ബ്രാൻഡ് പ്രൊമോഷനായി മെയ്ഡ് ഇൻ കേരള പ്രദർശനങ്ങൾ സംഘടിപ്പിക്കൽ, ദേശീയ അന്തർദേശീയ പ്രദർശനങ്ങളിലും വ്യാപാര മേളകളിലും മെയ്ഡ് ഇൻ കേരള ലോഗോക്ക് കീഴിൽ എം.എസ്.എം. ഇ. കളുടെ പങ്കാളിത്തം ഉറപ്പാക്കൽ, സംസ്ഥാനത്തെ എം.എസ്.എം.ഇ. കളിൽ അതിവേഗ സാങ്കേതിക വിദ്യ സ്വീകരിക്കുന്നതിനായി ലോക മെമ്പാട് നിന്നും വ്യാവസായിക ആവശ്യങ്ങൾക്കായി രൂപീകരിച്ചിരിക്കുന്ന ആർട്ടിഫിഷ്യൽ ഇന്റലിജന്റ് സാങ്കേതിക വിദ്യകളെ കുറിച്ചുള്ള വിജ്ഞാന ശേഖരം വികസിപ്പിക്കൽ, വരാനിരിക്കുന്ന വ്യവസായ പാർക്കുകളിൽ ലോജിസ്റ്റിക്ക് സൗകര്യങ്ങൾക്കായി ഒരു നിശ്ചിത ശതമാനം ഭൂമി അനുവദിക്കൽ, എം.എസ്.എം.ഇ. കളിലും റബ്ബർ സഹകരണ സംഘങ്ങളിലും പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് താങ്ങാവുന്ന വിലയിൽ പ്രത്യേക റബ്ബർ ഉല്പാദനങ്ങളുടെ വാണിജ്യ വൽക്കരണം മുൻ നിർത്തി ഇൻഡസ്ട്രീയൽ പാർക്കുകൾ സ്ഥാപിക്കൽ, എം. എസ്.എം. ഇ. കളുടെ തൊഴിൽ ശക്തി വർദ്ധിപ്പിക്കുന്നതിനായി ഒറ്റത്തവണ റീ ഇമ്പേഴ്സ്മെന്റ്, എഞ്ചിനിയറിങ്ങ് ഗവേഷണ വികസന മേഖല ശക്തിപ്പെടുത്തുന്നതിനായി ഐ.റ്റി. റോബോട്ടിക്സ്, എം.ഐ./ എം.എൽ പോലുള്ള അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കൽ തുടങ്ങിയ ശ്രദ്ധേയമായ നിർദ്ദേശങ്ങളും സ്വാഗതാർഹമാണ്. കെ.എസ്.എസ്.ഐ.എ. നല്കിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 42 പൊതുമേഖല സ്ഥാപനങ്ങളിലെ 361 ഏക്കർ അധിക ഭൂമി വ്യവസായിക ആവശ്യത്തിന് ഉപയോഗപ്പെടുത്തുമെന്നും, പീഡിത വ്യവസായ പുനരുദ്ധാരണത്തിനുള്ള പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുമെന്നും വ്യവസായ മന്ത്രി അറിയിച്ചു.

**എ. നിസാറുദ്ദിൻ**
സംസ്ഥാന പ്രസിഡന്റ്

# ഞങ്ങളൊപ്പമുണ്ട്

## വോയിസ് ഓഫ് ജനറൽ സെക്രട്ടറി





**പ**റയുന്ന കാര്യങ്ങൾ പ്രവർത്തി പഥത്തിൽ എത്തിക്കുകയെന്നത് ഭരണ രംഗത്ത് സുസാധ്യമായ കാര്യമല്ല. കേരളത്തിന്റെ വ്യവസായ മന്ത്രിയും അദ്ദേഹത്തിന്റെ വകുപ്പും കാര്യക്ഷമവും സമയബന്ധിതവുമായ ഇടപെടലുകളിലൂടെ സംരംഭകവർഷം എന്ന പ്രഖ്യാപനവും ഫല പ്രാപ്തിയിലെത്തിച്ചിരിക്കുകയാണ്.

വ്യവസായ സമൂഹത്തിന്റെ ദീർഘകാലമായ ആവശ്യമായിരുന്നു വ്യവസായങ്ങൾ തുടങ്ങാനുള്ള ഭൂമി സർക്കാർ ഇടപെട്ട് കണ്ടെത്തണമെന്നത്. ഇപ്പോഴിതാ 42 പൊതുമേഖല സ്ഥാപനങ്ങളിൽ പാഴായി കിടക്കുന്ന ഭൂമിയുടെ വ്യക്തമായ തരം തിരിവും ലഭ്യതയും കൃത്യമായി കണ്ടെത്തിയിരിക്കുന്നു. 361.42 ഏക്കർ ഭൂമിയാണ് അങ്ങനെ കണ്ടെത്തിയിരിക്കുന്നത്. അതിൽ ഒൻപത് പൊതുമേഖല സ്ഥാപനങ്ങളിലും 40.14 ഏക്കർ ഭൂമിയുടെ വിശദമായ പദ്ധതി രേഖയും തയ്യാറാക്കിയിരിക്കുന്നു. കിൻഫ്രയിലൂടെയോ പൊതു സ്വകാര്യ പങ്കാളിത്തത്തിലൂടെയോ അവിടെ വ്യവസായങ്ങൾ തുടങ്ങാനാണ് പദ്ധതി. അസംസ്കൃത വസ്തു ഉല്പാദനമോ, ഉപോല്പന്ന ഉല്പാദനമോ മറ്റ് സംരംഭങ്ങളോ തുടങ്ങാൻ അവിടെ കഴിയും. അങ്ങനെ ഉണ്ടാക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിനായി താലൂക്ക്തല വിപണന മേളകൾ സംഘടിപ്പിക്കുമെന്ന വ്യക്തമായ വീക്ഷണത്തോടെ വ്യവസായ വകുപ്പ് മുന്നോട്ടു പോവുകയാണ്. അക്കാര്യത്തിൽ ആദ്യ സംരംഭക സംഗമം എറണാകുളത്ത് 2023 ജനുവരിയിൽ സംഘടിപ്പിക്കുമെന്ന് പറയുന്നു. ഇ- കോമേഴ്സ് പ്ലാറ്റ്ഫോം കൂടുതൽ വികസിതമാക്കുമെന്ന് വ്യക്തമാക്കുന്നു. ഇതൊരുറച്ച കാൽവെയ്പാണ്. വ്യവസായ മന്ത്രി പുലർത്തുന്ന സത്യ സന്ധതയുടെ നിദർശനമായി ഞങ്ങളിതിനെ കാണുന്നു.

എപ്പോഴുമെന്ന പോലെ എല്ലാ ഇസങ്ങൾക്കുമപ്പുറം ഞങ്ങളുടെ പിന്തുണ അറിയിക്കുകയാണ്. വ്യവസായ വകുപ്പിനൊപ്പം ഞങ്ങളുമുണ്ട്.

**പി.ജെ. ജോസ്**
**ജനറൽ സെക്രട്ടറി**

# സംരംഭകർക്കൊപ്പമുണ്ട് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

KFC Kerala Financial Corporation
we finance your dream



സജ്ഞയ് കൗൾ ഐ.എ.എസ്., സി.എം.ഡി., കെ.എഫ്.സി.

**സ**ംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എട്ട് മാസത്തിനുള്ളിൽ ഒരു ലക്ഷത്തിലധികം പുതിയ സംരംഭങ്ങൾക്കാണ് തുടക്കമിട്ടത്. ലക്ഷ്യമിട്ടതിനേക്കാൾ വേഗത്തിൽ സംരംഭക വർഷം മുന്നേറുമ്പോൾ സംരംഭകർക്കൊപ്പം കേരള ഫിനാൻഷ്യൽ കോർപ്പറേഷനുമുണ്ട്. ഏറ്റവും കുറഞ്ഞ നിരക്കിൽ സംരംഭകർക്ക് വായ്പകൾ ലഭ്യമാക്കിയും കൂടുതൽ ഇളവുകൾ അനുവദിച്ചും പുതിയ സംരംഭക സഹായ പദ്ധതികൾ പ്രഖ്യാപിച്ചും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ കൂടുതൽ ജനകീയമാകുന്നു.

### മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി

സർക്കാരിന്റെ മുഖമുദ്രയായ മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയെ കൂടുതൽ ആകർഷണീയമായ രീതിയിൽ പുനരാവിഷ്കരിക്കാൻ കേരള ഫിനാൻഷ്യൽ കോർപ്പറേഷന് കഴിഞ്ഞു. തുടക്കത്തിൽ 50 ലക്ഷം രൂപ വായ്പ നൽകിയിരുന്ന ഈ പദ്ധതിയിൽ നിലവിൽ രണ്ട് കോടി രൂപ വരെ 5 ശതമാനം പലിശ നിരക്കിൽ വായ്പ നൽകുകയാണ് ചെയ്യുന്നത്. കൂടാതെ ചെറുകിട വ്യവസായങ്ങൾ, ആരോഗ്യപരിപാലനം, ടൂറിസം മേഖലകളിലെ സംരംഭകർക്കും പലിശനിരക്കിൽ മുൻ വർഷങ്ങളിൽ ഉള്ളതിനേക്കാൾ വൻ ഇളവുകൾ വരുത്തി വായ്പ ലഭ്യമാക്കാൻ സാധിച്ചു.

### വ്യവസായ പാർക്കുകളിലെ സംരംഭങ്ങൾക്കും വായ്പ

സംസ്ഥാനത്തെ വിവിധ വ്യവസായ എസ്റ്റേറ്റുകളിലെ സംരംഭങ്ങൾക്ക് വായ്പ നൽകുന്ന പ്രത്യേക വായ്പ പദ്ധതിയും കെ.എഫ്.സി. നടപ്പിലാക്കിയിട്ടുണ്ട്. ഒരു സംരംഭത്തിന് 50 കോടി രൂപ വരെ ഈ പദ്ധതി വഴി വായ്പ നൽകുന്നു.

### കെ.എഫ്.സി. വായ്പകളിൽ ഇളവ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വളർച്ചയെ സഹായിക്കുന്നതിനായി ലളിതവും ആകർഷകവുമായ പലിശയിൽ വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഈ മേഖലയിൽ വ്യവസായങ്ങൾക്കായി എം.എസ്.എം. ഇ. ബിൽ ഡിസ്കൗണ്ടിങ്ങ് എന്ന പേരിൽ ഒരു പുതിയ പദ്ധതി നടപ്പിലാക്കി. ഈ പദ്ധതിയിലൂടെ വ്യവസായികൾക്ക് അവർ നേരിടുന്ന തുകയുടെ കൃത്യസമയത്തുള്ള ലഭ്യത കുറവ് പരിഹരിക്കാൻ കെ.എഫ്.സി. ക്ക് കഴിയുന്നു. കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ചെറുകിട ഇടത്തരം മേഖലകളിലെ വ്യവസായങ്ങൾക്ക് ചരിത്രത്തിലെ തന്നെ ഏറ്റവും ഉയർന്ന വായ്പ അനുവദിക്കാൻ കെ.എഫ്.സി. ക്ക് കഴിഞ്ഞു. അതിലൂടെ എം.എസ്.എം.ഇ. കളുടെ പ്രവർത്തനത്തെയും വളർച്ചയെയും ത്വതിരപ്പെടുത്തുന്നതിലും കെ.എഫ്.സി. വിജയം നേടുന്നു.

### അടുത്ത സാമ്പത്തിക വർഷത്തേക്ക് കൂടുതൽ പദ്ധതികൾ

വരും വർഷങ്ങളിൽ കെ.എഫ്.സി. യുടെ മൊത്ത വായ്പ ആസ്തി 10,000 കോടി രൂപയായി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ചെറുകിട ഇടത്തര വ്യവസായങ്ങൾ അഭിമുഖികരിക്കുന്ന പ്രശ്നമായ പ്രവർത്ത മൂലധന വായ്പ അഭാവം പരിഹരിക്കുന്നതിനായി വെർച്വൽ പ്രവർത്തന മൂലധന വായ്പ പദ്ധതി കെ.എഫ്.സി. ആരംഭിച്ചിട്ടുണ്ട്. ഉദ്യം രജിസ്ട്രേഷനുള്ള ഇടത്തര മൊത്ത കച്ചവടക്കാരെയും ഈ വായ്പ പദ്ധതിയിൽ ഉൾപ്പെടുത്തും. കൂടാതെ കാർഷിക മേഖലയെ ത്വരിതപ്പെടുത്തുന്നതിനായി കാർഷിക വ്യവസായങ്ങൾ, അഗ്രി സ്റ്റാർട്ട്അപ്പുകൾ, സംസ്കരണം, വിപണനം, കാർഷികോത്പന്നങ്ങളുടെ വ്യാപാരം, ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ, വെയർഹൗസ്, കോൾഡ് സ്റ്റോറേജ്, എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും 5 ശതമാനം പലിശ നിരക്കിൽ 10 കോടി രൂപ വരെ വായ്പ നൽകുന്ന ഒരു പ്രത്യേക പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.




# ജി.എസ്.റ്റി.യിലെ ഇ–വേ ബിൽ ഒരു വിവരണവും ചോദ്യോത്തരങ്ങളും

## ഇ–വേ–ബിൽ പിഴയീടാക്കാനുള്ള കുറുക്കു വഴികളായി മാറുമ്പോൾ

ലേഖകൻ: അഡ്വ. കെ.എസ്. ഹരിഹരൻ

**ചോദ്യം 3**

### ഇ–വേ ബിൽ എടുക്കേണ്ട ആവശ്യമില്ലാത്തതെപ്പോൾ?

**ഉത്തരം:**

1. 50,000 രൂപയിൽ താഴെയുള്ള ചരക്കുകൾ കൈമാറ്റം ചെയ്യുമ്പോൾ.
2. മോട്ടോറൈസ്ഡ് അല്ലാത്ത വാഹനത്തിലൂടെ ചരക്ക് കൊണ്ട് പോകുമ്പോൾ.
3. ചട്ടം 138 പ്രകാരമുള്ള അനെക്ഷറിൽ പറഞ്ഞിരിക്കുന്ന ചരക്കുകൾ കൈമാറ്റം ചെയ്യുമ്പോൾ അനെക്ഷറിൽ പറഞ്ഞിരിക്കുന്ന ചരക്കുകളുടെ ചെറു വിവരണം ചുവടെ കൊടുക്കുന്നു.

**ചരക്കുകളുടെ വിവരണം**

1. ഗാർഹികാവശ്യത്തിനും അല്ലാതെയുള്ള നോൺ ഡോമസ്റ്റിക്ക് എക്സംറ്റഡ് കാറ്റഗറി (എൻ.ഡി.ഇ.സി.) വിഭാഗത്തിൽപ്പെട്ട ഉപഭോക്താർക്കും വേണ്ടിയുള്ള എൽ.പി.ജി. യുടെ വിതരണം.
2. പൊതു വിതരണം കേന്ദ്രം വഴി വിൽക്കപ്പെടുന്ന മണ്ണെണ്ണ.
3. തപാൽ വകുപ്പ് കൊണ്ട് പോകുന്ന തപാൽ ബാഗേജ്.
4. പ്രകൃതിദത്തമോ പ്രവർത്തനങ്ങൾ മൂലമോ ഉണ്ടാക്കിയെടുത്ത മുത്തുകളും, വിലയേറിയതോ മൂല്യമുള്ളതുമായ കല്ലുകൾ വിലയേറിയ ലോഹങ്ങൾ.
5. ആഭരണങ്ങൾ, സ്വർപ്പണിക്കാർ, വെള്ളിപ്പണിക്കാർ എന്നിവ പണിയാനായി ഉപയോഗിക്കുന്ന ആഭരണങ്ങളും അതുമായി ബന്ധപ്പെട്ട മറ്റു വസ്തുക്കളും.
6. നാണയങ്ങൾ, നോട്ടുകൾ.
7. വ്യക്തിപരമായും ഗാർഹികാവശ്യത്തിനായും വേണ്ടി ഉപയോഗിച്ച വസ്തുക്കൾ.
8. പവിഴം, മാറ്റങ്ങൾ വരുത്തിയതും വരുത്താത്തതുമായ പവിഴങ്ങൾ.

- ചട്ടം 138 (14) (d) പ്രകാരം അതാത് സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളിലും അംഗീകരിച്ചിട്ടുള്ള ചില പ്രത്യേക സ്ഥലങ്ങളിൽ ചരക്കുകൾ കൈമാറ്റം ചെയ്യുമ്പോൾ.
- തുറമുഖം, വിമാനത്താവളം, എയർ കാർഗോ കോംപ്ലക്സ്, ലാൻഡ് കസ്റ്റംസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്ന് ഉൾനാടൻ രാജ്യങ്ങളിലേക്കോ അല്ലെങ്കിൽ ഒരു കണ്ടെയ്നർ ഫ്രെയ്റ്റ് സ്റ്റേഷനിലേക്കോ കസ്റ്റംസിന്റെ ക്ലിയറൻസിനു വേണ്ടി കൊണ്ടു പോകുന്ന ചരക്കുകൾ.
- നോട്ടിഫിക്കേഷൻ നമ്പർ 2/2017 –സെൻട്രൽ ടാക്സ് (റേറ്റ്), തിയതി 28.06.2017 എന്ന നോട്ടിഫിക്കേഷനിൽ ഒരു ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആ ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന ഡി ഓയിൽഡ് കേക്ക് അല്ലാതെയുള്ള ചരക്കുകൾ, ചരക്ക് കൈമാറ്റം നടത്തുമ്പോൾ
- മനുഷ്യ ഉപഭോഗത്തിനായുള്ള മദ്യം, പെട്രോളിയം ക്രൂഡ്, ഹൈ സ്പീഡ് ഡീസൽ, മോട്ടോർ സ്പിരിറ്റ് (പൊതുവായി പെട്രോൾ എന്ന് അറിയപ്പെടുന്നു.). പ്രകൃതി വാതകം അല്ലെങ്കിൽ വ്യോമയാനത്തിനു ഉപയോഗിക്കുന്ന ഇന്ധനം.
- ചില പ്രവർത്തനങ്ങളും ഇടപാടുകളും ജി.എസ്.റ്റി. നിയമത്തിന് കീഴിൽ വിതരണമായി കണക്കാക്കിയിട്ടില്ല. അത്തരം കാര്യങ്ങൾ സി.ജി.എസ്. ടി. നിയമത്തിലെ 7–ാം വകുപ്പിലെ ഷെഡ്യൂൾ 3 ൽ പരാമർശിച്ചിട്ടുണ്ട്. ഷെഡ്യൂൾ 3 ൽ പറഞ്ഞിട്ടുള്ള വിതരണമായി കണക്കാക്കപ്പെടാത്ത ചരക്കുകളുടെ കൈമാറ്റം നടത്തുമ്പോൾ ഇ– വേ ബിൽ എടുക്കേണ്ടതില്ല. ഷെഡ്യൂൾ 3 ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ചെറുതായി ഒന്ന് വിവരിക്കാം.

## ഷെഡ്യൂൾ 3

1 ചരക്കുകളുടെ വിതരണമായോ സേവനങ്ങളുടെ വിതരണമായോ പരിഗണിക്കപ്പെടാത്ത പ്രവർത്തനങ്ങൾ അല്ലെങ്കിൽ ഇടപാടുകൾ.

2 ഒരു ജോലിക്കാരൻ തന്റെ ജോലിയുടെ കാലയളവിലോ അതിനോടനുബന്ധിച്ചോ തൊഴിലുടമയ്ക്ക് നൽകുന്ന സേവനങ്ങൾ.

3 നിയമ പ്രകാരം സ്ഥാപിതമായ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ സേവനങ്ങൾ പ്രാബല്യത്തിൽ വരുന്ന പക്ഷം.

4 പാർലമെന്റ് അംഗങ്ങൾ, സംസ്ഥാന നിയമസഭാ അംഗങ്ങൾ, പഞ്ചായത്ത് അംഗങ്ങൾ, മുനിസിപ്പാലിറ്റി അംഗങ്ങൾ, മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ എന്നിവർ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങൾ.

5 ഭരണഘടനയുടെ വ്യവസ്ഥകൾക്കനുസൃതമായി ഏതെങ്കിലും പദവി വഹിക്കുന്ന ഏതൊരു വ്യക്തിയും, ആ പദവിയിൽ നിർവ്വഹിക്കുന്ന ചുമതലകൾ.

6 കേന്ദ്ര സർക്കാരോ, സംസ്ഥാന സർക്കാരോ പ്രാദേശിക അതോറിറ്റിയോ സ്ഥാപിച്ച ബോഡിയിലെ ചെയർ പേഴ്സൺ അല്ലെങ്കിൽ അംഗം അല്ലെങ്കിൽ ഡയറക്ടർ എന്നീ നിലകളിൽ ഏതെങ്കിലും വ്യക്തി നിർവ്വഹിക്കുന്ന ചുമതലകൾ പക്ഷെ ഈ ക്ലോസ് പ്രാബല്യം വരുന്നതിനു മുമ്പ് അദ്ദേഹത്തെ ഒരു ജീവനക്കാരനായി കണക്കാക്കപ്പെട്ടിട്ടുണ്ടാകരുത്.

7 മരണപ്പെട്ടയാളുടെ ശവസംസ്കാരം, ശ്മശാനം, അല്ലെങ്കിൽ മോർച്ചറി കൂടാതെ ഗതാഗതം ഉൾപ്പെടെയുള്ള സേവനങ്ങൾ.

8 ഭൂമിയുടെ വിൽപ്പന ഷെഡ്യൂൾ 2 ലെ ഖണ്ഡിക 5 ലെ ക്ലോസ് (ബി) ക്ക് വിധേയമായി കെട്ടിടത്തിന്റെ വിൽപ്പനയും.

9 ലോട്ടറി, വാതുവെപ്പ്, ചൂതാട്ടം എന്നിവ ഒഴികെയുള്ള വ്യവഹാരം ചെയ്യാവുന്ന അവകാശം (ആക്ഷനബിൾ ക്ലെയിംസ്).

10 ഇന്ത്യയിലേക്ക് ചരക്കുകൾ കയറ്റിവിടാതെ, ചരക്കുകൾക്ക് നികുതി ബാധകമല്ലാത്ത പ്രദേശത്തു നിന്നും (നോൺ ടാക്സബിൾ ടെറിട്ടറി) മറ്റൊരു നികുതി ബാധകമല്ലാത്ത പ്രദേശത്തേക്ക് ചരക്കുകൾ കൈമാറ്റം ചെയ്യുമ്പോൾ.

11. എ) ഗാർഹിക ഉപഭോഗത്തിന് അനുമതി ലഭിക്കുന്നതിന് മുമ്പ് ഏതെങ്കിലും വ്യക്തിക്ക് സംഭരണ സാധനങ്ങളുടെ വിതരണം നടത്തുന്നത്.

ബി). ഇന്ത്യക്ക് പുറത്തുള്ള തുറമുഖത്ത് നിന്ന് സാധനങ്ങൾ അയച്ചതിന് ശേഷം, എന്നാൽ ഗാർഹിക ഉപഭോഗത്തിന് അനുമതി ലഭിക്കുന്നതിന് മുമ്പ്, സാധനങ്ങളുടെ ഉടമസ്ഥാവകാശത്തിന്റെ രേഖകൾ അംഗീകരിച്ചു കൊണ്ട്, ചരക്ക് സ്വീകരിക്കുന്നയാൾ മറ്റേതെങ്കിലും വ്യക്തിക്ക് സാധനങ്ങൾ വിതരണം ചെയ്യുകയാണെങ്കിൽ.

- കസ്റ്റംസ് ബോണ്ടിന്റെ അടിസ്ഥാനത്തിൽ inland container depot – യിൽ നിന്നോ container freight station – നിൽ നിന്നോ customs, port, airport, air cargo complex, land customs station – ലേക്കോ ചരക്ക് കൈമാറ്റം ചെയ്യുമ്പോൾ അല്ലെങ്കിൽ ഒരു custom station ഒരു കസ്റ്റംസ് പോർട്ടിൽ നിന്നോ അടുത്ത കസ്റ്റംസ് സ്റ്റേഷനിലേക്കോ അടുത്ത കസ്റ്റംസ് പോർട്ടിലേക്കോ ചരക്ക് കൈമാറ്റം ചെയ്യുമ്പോൾ.
- കസ്റ്റംസിന്റെ മേൽനോട്ടത്തിൽ അല്ലെങ്കിൽ കസ്റ്റംസിന്റെ മുദ്രയോടു കൂടി ചരക്ക് കൈമാറ്റം നടത്തുമ്പോൾ.
- നേപ്പാളിലേക്കോ ബൂട്ടാനിലേക്കോ ട്രാൻസിറ്റ് കാർഗോ വഴി ചരക്ക് കൈമാറ്റം നടത്തുമ്പോൾ.
- പ്രതിരോധ വകുപ്പിനാൽ പ്രതിരോധ ആവശ്യങ്ങൾക്കായി ഇടയാക്കപ്പെട്ട ചരക്കിന്റെ നീക്കം പ്രതിരോധ വകുപ്പ് ചരക്ക് അയക്കുന്ന വ്യക്തിയോ ചരക്ക് സ്വീകരിക്കുന്ന വ്യക്തിയോ ആകുന്ന സാഹചര്യങ്ങളിൽ.
- റെയിൽ മാർഗ്ഗം വഴി ചരക്ക് കൊണ്ടു പോകുമ്പോൾ അതിലെ വിതരണക്കാരൻ കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ അല്ലെങ്കിൽ ഏതെങ്കിലും പ്രാദേശിക അധികാരികൾ ആകുന്ന സാഹചര്യങ്ങളിൽ.
- കാലിയായിട്ടുള്ള കാർഗോ കണ്ടെയ്നറുകളുടെ ഗതാഗതം നടത്തുമ്പോൾ.
- ലിക്വിഫൈഡ് പെട്രോളിയം ഗ്യാസിന്റെ പാക്കിങ്ങിനു വേണ്ടി കാലിയായ സിലിണ്ടറുകൾ വിതരണത്തിനല്ലാതെ നീക്കം ചെയ്യുമ്പോൾ.
- വില്പനക്കാരന്റെ ബിസിനസ്സ് സ്ഥാപനത്തിൽ നിന്നും തൂക്കം നോക്കാൻ വേ ബ്രിഡ്ജിലേക്കും തിരിച്ചു വേ ബ്രിഡ്ജിൽ നിന്നും വില്പനക്കാരന്റെ ബിസിനസ്സ് സ്ഥാപനത്തിലേക്ക് ചരക്ക് കൊണ്ട് പോയാൽ ഇ–വേ– ബിൽ എടുക്കേണ്ടതില്ല. ദൂര പരിധി 20 കിലോമീറ്ററിൽ കൂടുതൽ ആകാൻ പാടില്ല. കൂടാതെ ചട്ടം 55 പ്രകാരം ഡെലിവറി ചെലാൻ കൈവശം വയ്ക്കേണ്ടതുണ്ട്.

(തുടരും .....)



# 8 മാസം കൊണ്ട് ലക്ഷ്യം നേടി ചരിത്രം സൃഷ്ടിച്ച് സംരംഭക വർഷം പദ്ധതി



ഹരി കിഷോർ ഐ.എ.എസ്. – വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ആന്റ് കെ.എസ്.ഐ.ഡി.സി. എം.ഡി.

**സം**രംഭങ്ങളുടെ കാര്യത്തിൽ കേരള ചരിത്രത്തിൽ മറ്റൊരു നാഴികകല്ല് തീർത്തു കൊണ്ട് കേവലം 8 മാസം കൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിച്ച് സംരംഭക വർഷം പദ്ധതി നേട്ടം കൈവരിച്ചു. 1,01,353 സംരംഭങ്ങൾ ഇതിനോടകം ആരംഭിച്ചു. പദ്ധതിയിലൂടെ കേരളത്തിലേക്ക് 6282 കോടി രൂപയുടെ നിക്ഷേപം കടന്ന് വന്നു. 2,20,500 പേർക്ക് ഈ ഒരു ലക്ഷം സംരംഭങ്ങളിലൂടെ തൊഴിൽ ലഭിച്ചു.

ഈ കാലയളവിനുള്ളിൽ മലപ്പുറം, എറണാകുളം ജില്ലകളിൽ പതിനായിരത്തിലധികം സംരംഭങ്ങൾ ആരംഭിച്ചു. കൊല്ലം, തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിൽ ഒൻപതിനായിരത്തിലധികവും കോഴിക്കോട്, പാലക്കാട് ജില്ലകളിൽ എട്ടായിരത്തിലധികവും കണ്ണൂർ, ആലപ്പുഴ ജില്ലകളിൽ ഏഴായിരത്തിലധികവും സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ, എറണാകുളം, മലപ്പുറം ജില്ലകളിൽ ഇരുപതിനായിരത്തിലധികമാളുകൾക്കും ആലപ്പുഴ, കൊല്ലം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, തിരുവനന്തപുരം ജില്ലകളിലെല്ലാം തന്നെ പതിനയ്യായിരത്തിലധികം ആളുകൾക്കും തൊഴിൽ നൽകാൻ സംരംഭക വർഷം പദ്ധതിയിലൂടെ സാധിച്ചു. വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന വയനാട്, ഇടുക്കി, കാസർഗോഡ് ജില്ലകളിലായി പതിനെട്ടായിരത്തിലധികം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. വ്യാവസായിക സാഹചര്യം മാനദണ്ഡമാക്കി ഓരോ ജില്ലയിലും തദ്ദേശ സ്ഥാപനങ്ങളിലും ആരംഭിക്കേണ്ട സംരംഭങ്ങളുടെ ടാർഗറ്റ് നൽകിയിരുന്നു. ഇങ്ങനെ നിശ്ചയിച്ച ലക്ഷ്യം കൈവരിക്കുന്ന കാര്യത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് വയനാട് ജില്ലയാണ് എന്നത് എല്ലാ ജില്ലകളിലും നിക്ഷേപം സാധ്യമാണ് എന്നതിന് തെളിവാണ്. കേരളത്തിലെ 70 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഇങ്ങനെ നിശ്ചയിക്കപ്പെട്ടിട്ടുള്ള ലക്ഷ്യത്തിന്റെ 100 ശതമാനം കൈവരിച്ചിട്ടുണ്ട്. വിവിധ മേഖലകളായി തിരിച്ചുള്ള കണക്കുകളെടുത്താലും സംരംഭക വർഷം കേരളത്തിന് വലിയ നേട്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്. കൃഷി, ഭക്ഷ്യ സംസ്ക്കരണ മേഖലയിൽ 17,958 പുതിയ സംരംഭങ്ങൾ ഇക്കാലയളവിൽ നിലവിൽ വന്നു. 1,818 കോടി രൂപയുടെ നിക്ഷേപമുണ്ടായി. 58,038 പേർക്ക് ഈ യൂണിറ്റുകളിലൂടെ തൊഴിൽ ലഭിച്ചു. ഗാർമെന്റ്സ് ആന്റ് ടെക്സ്റ്റൈൽ മേഖലയിൽ 11,672 സംരംഭങ്ങളും 500 കോടിയിലധികം രൂപയുടെ നിക്ഷേപവും 23,874 തൊഴിലും ഉണ്ടായി. ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് മേഖലയിൽ 4,352 സംരംഭങ്ങളും 260 കോടി രൂപയുടെ നിക്ഷേപവും 8,078 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. സർവ്വീസ് മേഖലയിൽ 7,810 സംരംഭങ്ങളാണ് രജിസ്റ്റർ ചെയ്തത്. 465 കോടി രൂപയുടെ നിക്ഷേപവും 17,707 തൊഴിലും ഈ മേഖലയിൽ ഉണ്ടായി. വ്യാപാര മേഖലയിൽ 31,676 സംരംഭങ്ങളും 1,817 കോടിയുടെ നിക്ഷേപവും 58,038 തൊഴിലുമാണ് സൃഷ്ടിക്കപ്പെട്ടത്. ഇതിന് പുറമെ ബയോ ടെക്നോളജി, കെമിക്കൽ മേഖല തുടങ്ങി ഇതര മേഖലകളിലായി 26,679 സംരംഭങ്ങളും പദ്ധതിയുടെ ഭാഗമായി ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി വനിതാ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നുണ്ട്. ഇതിലൂടെ വനിതാ സംരംഭകർ നേതൃത്വം നൽകുന്ന 25,000 ത്തിലധികം സംരംഭങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

2022 മാർച്ച് 30 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത പദ്ധതി അതിവിപുലമായ ആസൂത്രണത്തിലൂടെ വിജയതീരമണിഞ്ഞിരിക്കുന്നത്. നിരവധി തവണ മന്ത്രി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും തൊഴിലാളി സംഘടനകളുമായും





ഫിക്കി, കോൺഫെഡറേഷൻ ഓഫ് ഇൻഡസ്ട്രീസ്, സ്മോൾ സ്കെയിൽ ഇൻഡസ്ട്രീസ് അസോസിയേഷൻ തുടങ്ങിയ സംരംഭക സംഘടനകളുമായും യോഗങ്ങൾ വിളിച്ചു ചേർത്തു. പദ്ധതിയുടെ വിജയത്തിനായി ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെയും എച്ച്.ആർ. മാനേജർമാരുടെയും സംഘടനകളുമായും പ്രതിനിധികളുമായും യോഗം ചേരുകയും ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കാമെന്ന നിർദ്ദേശം അംഗീകരിക്കുകയും ചെയ്തു. പദ്ധതിക്ക് മുന്നോടിയായി വ്യവസായ വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥന്മാർക്ക് കോഴിക്കോട് ഐ.ഐ.എമ്മിലും അഹമ്മദാബാദിലെ ദേശീയ സംരംഭകത്വ ഇൻസ്റ്റിറ്റ്യൂട്ടിലും മൂന്ന് ദിവസത്തെ പരിശീലനം നൽകി. ആദ്യഘട്ടത്തിൽ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഏകദിന ശിൽപ ശാലകൾ സംഘടിപ്പിച്ചു. സംസ്ഥാനത്തെ ഒരു ലക്ഷത്തിലധികം ആളുകളിലേക്ക് നേരിട്ട് പദ്ധതിയെക്കുറിച്ച് വിവരങ്ങളെത്തിക്കാൻ ശിൽപശാലകളിലൂടെ സാധിച്ചു. ഇതിന് ശേഷം രണ്ടാം ഘട്ടമായി സംസ്ഥാനത്തുടനീളം ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ സംഘടിപ്പിച്ചു. ബാങ്കുകളും പദ്ധതിക്ക് അനുകൂലമായ നില പാട് സ്വീകരിച്ചു. നാല് ശതമാനം മാത്രം പലിശയ്ക്ക് 10 ലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുന്ന പദ്ധതിയും സംരംഭക വർഷം പദ്ധതിക്കായി പ്രഖ്യാപിച്ചു നടപ്പിലാക്കി. പുതിയ സംരംഭകർക്ക് കെ.സ്വിഫ്റ്റ് സമ്പ്രദായത്തിലൂടെ ലൈസൻസ് ലഭ്യമാക്കാൻ സാധിച്ചത് സംരംഭകർക്കും പദ്ധതിക്കും അനുകൂല ഘടകമായി.

സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ സംരംഭക സൗഹൃദ സമീപനം കൂടുതൽ നിക്ഷേപകർക്ക് സംരംഭങ്ങൾ ആരംഭിക്കാൻ പ്രചോദനമായി. ഇവർക്ക് സഹായം ലഭ്യമാക്കുന്നതിനും പദ്ധതിയുടെ മികച്ച നടത്തിപ്പിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ബി.ടെക്ക്/എ.ബി.എ. യോഗ്യതയുള്ള ഇന്റേണുകളെ നിയമിച്ചു. ഇങ്ങനെ നിയമിക്കപ്പെട്ട 1153 ഇന്റേണുകൾ, സംരംഭകർക്ക് പൊതു ബോധവൽക്കരണം നൽകാനും വൺ ടു വൺ മീറ്റിങ്ങുകളിലൂടെ സംരംഭകരെ സഹായിക്കാനും കെ. സ്വിഫ്റ്റ് പോർട്ടൽ വഴി വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കേണ്ട അനുമതികൾക്കുള്ള അപേക്ഷകൾ തയ്യാറാക്കുന്നതിനും, ലൈസൻസ്/ സബ്സിഡി ഏകോപനം സാധ്യമാക്കാനും സഹായിച്ചു.

1,153 ഇന്റേണുകൾക്ക് പുറമെ താലൂക്ക് ഫെസിലിറ്റേഷൻ സെന്ററുകളിലേക്ക് 59 പേരെ റിക്രൂട്ട് ചെയ്തു. ഇന്റേണുകൾക്ക് പ്രത്യേക പരിശീലനം നൽകുകയും ടാർഗറ്റ് നിശ്ചയിക്കുകയും ചെയ്തു. ഇതിനൊപ്പം തന്നെ എല്ലാ പഞ്ചായത്തുകളിലും ഹെൽപ് ഡെസ്കുകളും സ്ഥാപിച്ചു കൊണ്ട് സംരംഭക വർഷം പദ്ധതി മുന്നോട്ടേക്ക് കുതിച്ചു. തുടങ്ങിയ ആദ്യ നാല് മാസത്തിനുള്ളിൽ തന്നെ 50,000 സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചത് കേരളത്തിൽ സംരംഭങ്ങളാരംഭിക്കാമെന്ന് മറ്റുള്ളവർക്കും തോന്നാൻ സഹായകമായി.

ഒരു വർഷം പതിനായിരം സംരംഭങ്ങൾ ഉണ്ടാകുന്ന നാട്ടിൽ മനസ്സു വെച്ചാൽ ഒരു ലക്ഷത്തിലധികം സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കുമെന്ന് തെളിയിച്ചിരിക്കുകയാണ് സംരംഭക വർഷം പദ്ധതി. ആദ്യ ഘട്ടത്തിൽ ഒരു ലക്ഷം പദ്ധതികൾ ആരംഭിക്കാൻ സാധിക്കുമോ എന്ന് സംശയിച്ചവരും വളരെ പെട്ടെന്ന് തന്നെ ഇത് സാധ്യമാണെന്ന് മനസ്സിലാക്കി പ്രവർത്തിച്ച് ഇനിയുള്ള നാല് മാസങ്ങൾ കൊണ്ട് പരമാവധി സംരംഭങ്ങൾ ആരംഭിക്കാനും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിക്ക് താങ്ങാകുന്ന സൂക്ഷ്മ – ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വ്യവസ്ഥ സൃഷ്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. സംരംഭക വർഷം പദ്ധതിയിലൂടെ സംരംഭകരായവരുടെ സംഗമം സംഘടിപ്പിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

2 ലക്ഷത്തിലധികം ആളുകൾക്ക് തൊഴിൽ നൽകി ആറായിരത്തിലധികം കോടി രൂപയുടെ നിക്ഷേപം ഉറപ്പ് വരുത്തി കൊണ്ട് സംരംഭക വർഷം ഇനിയും മുന്നോട്ടേക്ക് തന്നെ പോകും. ദൈവത്തിന്റെ സ്വന്തം നാട് ഇനി നിക്ഷേപകരുടെയും സ്വന്തം നാടാണ്. കേവലം 8 മാസം കൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചെങ്കിൽ അവശേഷിക്കുന്ന 120 ദിവസങ്ങൾക്കുള്ളിൽ കേരളത്തിന്റെ വ്യാവസായിക ചരിത്രത്തിൽ സമാനതകളില്ലാത്ത നേട്ടം കൈവരിച്ചു കൊണ്ടായിരിക്കും സംരംഭക വർഷം അവസാനിക്കുക.

Kerala state Industrial Development Corporation
KSIDC

# മുളയിൽ തീർത്ത വിസ്മയങ്ങൾ

# കേരള ബാംബു ഫെസ്റ്റ് 2022

19th EDITION

**മു**ളയിൽ തീർത്ത വിസ്മയങ്ങൾക്ക് വേദിയായ 19 –ാം മത് ബാംബു ഫെസ്റ്റ് സമാപന ദിവസത്തിൽ കേരളത്തിലെ മുള മേഖലയിലെ കര കൗശല വിദഗ്ധർ പരസ്പരം പറയുന്നുണ്ടായിരുന്നു. അടുത്ത കൊല്ലം ഏവരെയും ഞെട്ടിക്കുന്ന ഉത്പന്നങ്ങളുമായിട്ടായിരിക്കും ഞാൻ ഫെസ്റ്റിലേക്ക് എത്തുക എന്ന്, ഉത്പന്ന വൈവിധ്യത്താലും സന്ദർശക ബാഹുല്യത്താലും ഓരോ വർഷവും പ്രസിദ്ധിയാർജിക്കുന്ന കേരള ബാംബു ഫെസ്റ്റിന്റെ വിജയത്തിന്റെ കാരണവും ഇത് തന്നെയാണ്. ഓരോ കൊല്ലം കഴിയുമ്പോഴും സ്വയം നവീകരിച്ചു കൊണ്ട് പുതിയ ആശയങ്ങളും വിദ്യകളും സ്വായത്തമാക്കി തങ്ങളുടെ ഉത്പന്ന വൈവിധ്യ ശ്രേണി വിപുലീകരിക്കുന്ന കര കൗശല വിദഗ്ധർ. അവർ തന്നെയാണ് ഇക്കഴിഞ്ഞ 19 –ാംമത് ബാംബു ഫെസ്റ്റിന്റെയും വിജയ ശിൽപികൾ. അവർക്ക് വേണ്ടുന്ന സഹായവും പ്രോത്സാഹനവും നൽകി കൊണ്ട് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പും സംസ്ഥാന ബാംബു മിഷനും ഒപ്പമുണ്ടെന്നുള്ളത് അവരുടെ ശക്തി വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

പ്രകൃതിയോട് ഇഴകി ചേർന്ന് നിന്ന് കൊണ്ട് മുള കൊണ്ടുള്ള ഫർണിച്ചറുകൾ, ആഭരണങ്ങൾ, അലങ്കാര വസ്തുക്കൾ, നിത്യോപയോഗ സാധനങ്ങൾ എന്നിവയുടെ എല്ലാം വിപണന സാധ്യതകൾ കേരളത്തിന് മുന്നിൽ തുറന്നിടുന്നതായിരുന്നു എറണാകുളം ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനിയിൽ നടന്ന 19 –ാം മത് ബാംബു ഫെസ്റ്റ്. 2022, നവംബർ 27 മുതൽ ഡിസംബർ 04 വരെ സംഘടിപ്പിച്ച മേളയിൽ കേരളത്തിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നുമായി മുന്നൂറോളം കരകൗശല തൊഴിലാളികളും മുള അനുബന്ധ സ്ഥാപനങ്ങളും പങ്കെടുത്തിരുന്നു. വൈവിധ്യമായ മുള ഉത്പന്നങ്ങളുടെ പ്രദർശന വിപണന മേള സന്ദർശകരുടെ പങ്കാളിത്തത്താലും സംഘാടകമികവിനാലും വൻ വിജയമായിരുന്നു.

2022 നവംബർ 27 ന് വൈകുന്നേരം 6 മണിക്ക് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് കേരള ബാംബു ഫെസ്റ്റ് 2022 ഉദ്ഘാടനം ചെയ്തു. തൃക്കാക്കര എം.എൽ.എ. ഉമാ തോമസ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കൊച്ചിൻ കോർപ്പറേഷൻ മേയർ അഡ്വ. എം.അനിൽ കുമാർ പ്രത്യേക പ്രഭാഷണം നടത്തി. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാരായ സുമൻ ബില്ല ഐ.എ.എസ്, മുഹമ്മദ് ഹനീഷ് ഐ.എ.എസ്, കേരള സംസ്ഥാന ബാംബു കോർപ്പറേഷൻ ചെയർമാൻ ടി.കെ. മോഹനൻ, കേരള വന ഗവേഷണ കേന്ദ്രം ഡയറക്ടർ ഡോ. ശ്യാം വിശ്വനാഥ്, കെബിപ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സുരജ് എസ്, കൊച്ചിൻ



കോർപ്പറേഷൻ കൗൺസിലർ അഡ്വ. ദീപ്തി മേരി വർഗീസ്, എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ നജീബ് പി.എ. തുടങ്ങിയവർ ഈ ചടങ്ങിൽ പങ്കെടുത്തു. 19-ാം മത് ബാംബു ഫെസ്റ്റിൽ 180 സ്റ്റാളുകളിലായി കേരളത്തിൽ നിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നുമുള്ള 300 മുള കരകൗശല പ്രവർത്തകർ പങ്കെടുത്തു. 30 സ്റ്റാളുകളിലായി മുള മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന 60 സംരംഭകർ/ എൻ.ജി.ഒ.കളും മേളയുടെ ഭാഗമായിരുന്നു. കൂടാതെ കേരള സംസ്ഥാന ബാംബു കോർപ്പറേഷൻ, സംസ്ഥാന വനം വകുപ്പ്, കേരള കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ, സുരഭി തുടങ്ങി സർക്കാർ - അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കൊപ്പം കേരള വന ഗവേഷണ കേന്ദ്രം, ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ ഗവേഷണ സ്ഥാപനങ്ങളുടെ 17 സ്റ്റാളുകളും മേളയിൽ സാന്നിദ്ധ്യമറിയിച്ചു. ആസാം, അരുണാചൽ പ്രദേശ്, കർണാടക, നാഗാലാന്റ് തുടങ്ങിയ ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള കരകൗശല പ്രവർത്തകരും പങ്കെടുത്ത മേളയിൽ തത്സമയ ഉത്പന്ന നിർമ്മാണ പ്രദർശനവും ഉണ്ടായിരുന്നു. ബാംബു ഫെസ്റ്റിനോടനുബന്ധിച്ച് സായാഹ്നങ്ങളിൽ മുള വാദ്യോപകരണ സംഗീത പരിപാടികളും ബാംബു ഫെസ്റ്റ് 2022 ൽ പങ്കെടുക്കുന്ന കരകൗശല പ്രവർത്തകർ നിർമ്മിച്ചതിൽ മികച്ച ഒരു ഉല്പന്നത്തെ ബാംബു ഫെസ്റ്റ് ക്രാഫ്റ്റ് ഗ്യാലറിയിൽ പ്രദർശിപ്പിക്കുന്നതിനുള്ള സജ്ജീകരണവും സംഘാടകർ ഒരുക്കിയിരുന്നു. മുളയരി, മുളങ്കുമ്പ് എന്നിവ കൊണ്ട് തയ്യാറാക്കിയ മുള വിഭവങ്ങളടങ്ങിയ ഭക്ഷ്യ ഉത്പന്നങ്ങളുടെ ഫുഡ് കോർട്ടുകളും മേളയോടനുബന്ധമായി ഒരുക്കിയിരുന്നു.

### മുളയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് പ്രത്യേക കർമ്മ പദ്ധതി

മുളയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കുമെന്ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. മുള, കരകൗശല ഉൽപ്പന്നങ്ങളുടെ വിപണന ശൃംഖലയുടെ ഉന്നമനത്തിനായി സംസ്ഥാന ബാംബു മിഷൻ ഒരുക്കിയ 19-ാംമത് കേരള ബാംബു ഫെസ്റ്റ് കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മൈതാനിയിൽ ഉത്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പരമ്പരാഗത വ്യവസായങ്ങൾക്കുള്ള ഇ കോമേഴ്സ് പ്ലാറ്റ്ഫോം അടുത്ത മാസം ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഈ പ്ലാറ്റ്ഫോം വഴി ബാംബു ഉത്പന്നങ്ങൾ വിപണിയിലേക്ക് കൊണ്ട് വരാൻ സാധിക്കുമെന്നും കേരള ബാംബു എന്ന പേരിൽ മുളയെ കേരള ബ്രാൻഡ് ആയി അവതരിപ്പിക്കുമെന്നും ബഹു. മന്ത്രി പറഞ്ഞു.

### ബാംബു ഫെസ്റ്റിൽ തിളങ്ങി ഇതര സംസ്ഥാനങ്ങളും

കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച ബാംബു ഫെസ്റ്റിൽ തിളങ്ങി ഇതര സംസ്ഥാനങ്ങളും. നാഗാലാൻഡിൽ നിന്നും അരുണാചൽ പ്രദേശിൽ നിന്നുമുള്ള കലാകാരികളുടെ ഡ്രൈ ഫ്ളവർ സ്റ്റാളിലേക്കായിരുന്നു





സന്ദർശകരുടെ ഒഴുക്ക്. വിവിധ നിറങ്ങളിൽ ഉള്ള പൂക്കൾക്ക് ആവശ്യക്കാർ ഏറെയാണ് എന്നത് തന്നെയാണ് കേരളത്തിലെ കലാകാർക്കൊപ്പം ഇവരുടെയും സ്റ്റാളുകളെ പ്രിയങ്കരമാക്കുന്നത്.

നാഗാലാൻഡിൽ നിന്നുള്ള ഒട്ടോളി എന്ന 37 കാരി കേരളത്തിൽ പ്രദർശനത്തിനായെത്തുന്നത് ഇത് 5-ാം തവണയാണ്. കഴിഞ്ഞ 7 വർഷമായി ഇവർ ഈ മേഖലയിൽ സജീവമാണ്. ഡ്രൈ ലിച്ചി, സോഫ്റ്റ് വുഡ്, സൈക്ക ലീഫ്, സ്റ്റീക്, ഉണങ്ങിയ ആലില, ബാംബു തുടങ്ങിയവ ഉപയോഗിച്ച് ഇവർ നിർമ്മിക്കുന്ന പൂക്കൾക്ക് ആവശ്യക്കാർ ഏറെയാണ്. ഡൽഹി യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.എസ്.സി. ഫാഷൻ ടെക്നോളജിയിൽ ഡിഗ്രി എടുത്ത അരുണാചൽ പ്രദേശ് കർമയും ഡ്രൈ ഫ്ളവറുമായാണ് മേളയിലെത്തിയിരിക്കുന്നത്. 20 മുതൽ 50 രൂപ വരെയാണ് കർമയുടെ സ്റ്റാളിലെ വില. ബാംബു വേരുകളിൽ നിന്നും ഉണ്ടാക്കിയെടുത്ത മനുഷ്യന്റെ മുഖം ആകർഷണനീയമാണ്. കർണാടകയുടേതാണ് ഈ സംഭാവന. മുളയിൽ തീർത്ത നിത്യോപയോഗ സാധനങ്ങളും അലങ്കാര വസ്തുക്കളുമായി എത്തിയ ആസാം കലാകാരന്മാരും മേളയുടെ ശ്രദ്ധ പിടിച്ചു പറ്റി.

# വർക്ക്–മെൻ കോമ്പൻസേഷൻ പോളിസി
## തൊഴിലുടമയുടെ നിയമപരമായ ബാദ്ധ്യതകൾ കവർ ചെയ്യുന്ന പോളിസി



ലേഖകൻ വിശ്വനാഥൻ ഒടാട്ട്

**റി**സ്കുകൾ ദിനംപ്രതി കൂടിവരുന്ന കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ഒരു വ്യവസായ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം അവിടെ ജോലി ചെയ്യുന്ന ജീവനക്കാർക്ക് തൊഴിൽ ചെയ്യുന്ന വേളയിലോ, തൊഴിലുമായി ബന്ധപ്പെട്ട മറ്റു പ്രവർത്തികളിൽ ഏർപ്പെടുമ്പോൾ ഉണ്ടാവുന്ന കഷ്ടനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്ന ഒരു പോളിസിയാണിത്. വർക്ക്–മെൻ കോമ്പൻസേഷൻ ആക്റ്റ് 1923 പ്രകാരം, ഇന്ത്യയിൽ സ്ഥാപനങ്ങൾ നടത്തുന്ന തൊഴിലുടമകൾ, തൊഴിലാളികൾക്ക് അത്യാഹിതങ്ങൾ, അപകടങ്ങൾ, വൈകല്യങ്ങൾ എന്നിവ സംഭവിക്കുമ്പോൾ നഷ്ടപരിഹാര തുക യഥാവിധി നൽകണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ തൊഴിലുടമ നൽകേണ്ടതായ നഷ്ടപരിഹാര തുക മുഴുവനായും ഇൻഷുറൻസ് കമ്പനി നൽകുന്നതിന് വർക്ക്–മെൻ കോമ്പൻസേഷൻ പോളിസികൾ സഹായകരമായിരിക്കും നിയമപരമായ ബാധ്യത പൂർണ്ണമായും കമ്പനി നൽകുന്നതിനാൽ തൊഴിലുടമക്ക് ഈ പോളിസി എടുത്താൽ ബാധ്യതകളൊന്നും അഭിമുഖീകരിക്കേണ്ടിവരികയില്ല.

### കവർ ചെയ്യുന്ന റിസ്കുകൾ:

തൊഴിലാളികൾക്ക് തൊഴിൽ എടുക്കുമ്പോഴോ, അതുമായി ബന്ധപ്പെട്ട അവസരങ്ങളിലോ ഉണ്ടാകാവുന്ന പരിക്കുകൾ, അപകടമരണം, സ്ഥിരവും ഭാഗികവുമായ അംഗവൈകല്യങ്ങൾ, തൊഴിൽജന്യ രോഗങ്ങൾ, തൊഴിൽ / വേതന നഷ്ടപരിഹാരം, അപകടം മൂലമുള്ള ചികിത്സാ ചിലവുകൾ എന്നിവ ഈ പോളിസിയിൽ കവർ ചെയ്യുന്നതാണ്. ഇൻഷുർ ചെയ്യുന്നവരുടെ പേരും മേൽവിലാസവും ഇൻഷുർ ചെയ്യാനായി നൽകേണ്ട ആവശ്യമില്ല. പകരം തൊഴിലാളികൾ ഏത് വിഭാഗത്തിൽപെട്ടവരാണെന്നും അവരുടെ കൂലി അഥവാ ശമ്പളം എത്രയാണെന്നും നൽകിയാൽ മതിയാകും. തൊഴിലിൽ ഏർപ്പെടുന്നവരുടെ റിസ്കുകൾക്ക് അനുസൃതമായാണ് തുക കൂടിയതോ കുറഞ്ഞതോ എന്ന് നിശ്ചയിക്കുന്നത്. തൊഴിലുടമ തൊഴിലാളികളുടെ ഒരു മസ്റ്റർ റോൾ സൂക്ഷിച്ചുവെക്കുന്നത് സഹായകരമായിരിക്കും.

ഒരു അത്യാഹിതം ഉണ്ടാവുകയാണെങ്കിൽ ആദ്യം പോലീസിൽ വിവരം അറിയിക്കണം. അപകട മരണം സംഭവിച്ചാൽ പോസ്റ്റ്മാർട്ടം നിർബന്ധമായും ചെയ്തിരിക്കണം. അതാത് മേഖലയിലെ ലേബർ കമ്മീഷണർമാരാണ് തൊഴിലാളികൾക്ക് നൽകേണ്ട നഷ്ടപരിഹാര തുക തീർപ്പാക്കുന്നത്. തൊഴിലാളിയുടെ ഇൻഷുറൻസ് രേഖകൾ എല്ലാം ശരിയായി പരിശോധിച്ച ശേഷം നഷ്ടപരിഹാര തുക മുഴുവനായും ഇൻഷുറൻസ് കമ്പനി ലേബർ ഡിപ്പാർട്ട്മെന്റിൽ അടക്കണം. ഈ തുക അപകടമരണം സംഭവിച്ച വ്യക്തിയുടെ അനന്തരാവകാശിക്ക് (നിയുക്ത വ്യക്തി) നൽകുന്നു. വ്യക്തിഗത അപകട ഇൻഷുറൻസ് പോളിസികൾ ആണ് എടുത്തതെങ്കിൽ യാതൊരു കാരണവശാലും നിയമപരമായ ബാധ്യതകൾ കവർ ചെയ്യുന്നില്ല. അഥവാ ഇത്തരം പോളിസി എടുത്താൽ, നിയമപരമായ ബാധ്യതകൾ മരണപ്പെട്ട തൊഴിലാളികളുടെ അനന്തരാവകാശി ആവശ്യപ്പെടുന്ന പക്ഷം പ്രത്യേകം നൽകേണ്ടതായിവരുന്നു. ഒരു സ്ഥാപനത്തിലെ ജോലിക്കാർ ഇടക്കിടെ മാറുന്ന അവസ്ഥ സ്വാഭാവികമാണ്. അങ്ങിനെയുള്ള സ്ഥാപനങ്ങളിലും മസ്റ്റർ റോൾ സൂക്ഷിച്ചാൽ നിയമപ്രകാരം അവരെയെല്ലാം കൃത്യമായി കവർ ചെയ്യുന്ന പോളിസിയാണിത്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: മാനേജിങ്ങ് ഡയറക്ടർ, **എയിംസ് ഇൻഷൂറൻസ് ബ്രോക്കിംങ് പ്രൈവറ്റ് ലിമിറ്റഡ്**, ഫോൺ: 9895069926, 9846227555. E-Mail: odatt@aimsinsurance.in



# ചോദ്യോത്തര പംക്തി ആരംഭിച്ചു




**വ്യവസായികളുടെ വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള സംശയ നിവാരണത്തിന് ഒരു ചോദ്യോത്തര പംക്തി ആരംഭിച്ചു.**

| വിഷയങ്ങൾ | മറുപടി നല്കുന്ന വിദഗ്ധർ |
|---|---|
| സംഘടന വിഷയങ്ങൾ | എ.നിസാറുദ്ദീൻ സംസ്ഥാന പ്രസിഡന്റ്<br>Mob 94477 10078 |
| ലേബർ സബ് കമ്മിറ്റി ചെയർമാൻ | അഡ്വ. സി. ബി. മുകുന്ദൻ<br>Mob 94470 85764 |
| ജി.എസ്.ടി. & സെൻട്രൽ എക്സൈസ് സബ് കമ്മിറ്റി ചെയർമാൻ | അഡ്വ. കെ. എസ്. ഹരിഹരൻ<br>Mob 98950 69926 |
| ഇൻഡസ്ട്രീസ് & കോമേഴ്സ് ചെയർമാൻ | ടി.എസ്. ചന്ദ്രൻ, Rtd ഡെപ്യൂട്ടി ഡയറക്ടർ<br>Mob 94475 09915 |
| ബാങ്കിങ്ങ്/ഫൈനാൻസ് | 1. ബിജു, ഡി.ജി.എം. എസ്.ബി.ഐ.<br>Mob 99304 55123<br>2. പത്മജൻ കെ.കല്ലിയമ്പത്ത്. ഡയറക്ടർ, എസ്.ബി.ഐ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേണിങ്ങ് ആന്റ് ഡവലപ്മെന്റ്<br>Mob 94477 12655 |
| ഇലക്ട്രിസിറ്റി – സബ് കമ്മിറ്റി കൺവീനർ | പി.കെ.പുരുഷോത്തോമൻ<br>Mob 94477 40101 |
| മരാധിഷ്ഠിത – സബ് കമ്മിറ്റി കൺവീനർ | എം.എം. മുജീബ് റഹിമാൻ<br>Mob 9447736134 |
| ഐ.ഡി.എ.,ഐഡി.പി. സബ് കമ്മിറ്റി ചെയർമാൻ | അഡ്വ. പി. സജ്ഞയ്<br>Mob 98470 54788 |
| ചോദ്യങ്ങൾ അയക്കേണ്ട ഇ മെയിൽ | kssiastate@gmail.com<br>kssianews@gmail.com |

## നമ്മുടെ വ്യവസായം

കെ.എസ്.എസ്.ഐ.എ. അംഗങ്ങളായ വ്യവസായികളെയും അവരുടെ വ്യവസായത്തേയും പരിചയപ്പെടുത്തുന്ന തുടർ പംക്തി ആരംഭിച്ചു. താല്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

**എസ്. സലിം**
ചീഫ് എഡിറ്റർ



# കേരള പ്ലാസ്റ്റിക്ക് മാന്യുഫാക്ചറിങ്ങ് അസോസിയേഷൻ രജത ജൂബിലി ആഘോഷം സംഘടിപ്പിച്ചു

**കേ**രള പ്ലാസ്റ്റിക്ക് മാന്യുഫാക്ചറിങ്ങ് അസോസിയേഷൻ രജത ജൂബിലി ആഘോഷവും അവാർഡ് വിതരണ സമ്മേളനവും അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ വെച്ച് ബഹു. വ്യവസായ നിയമ– കയർ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. കെ.പി.എം.എ. പാലക്കാട് അടുത്ത വർഷം പ്ലാസ്റ്റിക്ക് അധിഷ്ഠിത വ്യവസായ പാർക്ക് തുടങ്ങാനുള്ള തീരുമാനം സമ്മേളനത്തിൽ പ്രഖ്യാപിച്ചു. സംസ്ഥാനത്ത് ഒരു ലക്ഷം ചെറുകിട സംരംഭങ്ങൾ ഉണ്ടാകണമെന്നായിരുന്നു സർക്കാർ ലക്ഷ്യം ഇട്ടതെന്നും അടുത്ത ആഴ്ച ഈ നേട്ടം കൈവരിക്കുമെന്നും ബഹു. മന്ത്രി പി രാജീവ് പറഞ്ഞു. കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ മുഖ്യ അതിഥിയായി പങ്കെടുത്തു. കൂടാതെ സംസ്ഥാന ജനറൽ സെക്രട്ടറി പി.ജെ. ജോസ്, എറണാകുളം ജില്ലാ ഭാരവാഹികൾ എന്നിവരും പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു. കേരളത്തിലെ മികച്ച പരിസ്ഥിതി സംരക്ഷണം നടത്തുന്ന വ്യക്തികൾക്കുള്ള അവാർഡ് വിതരണവും കുസാറ്റ് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളുടെ പ്രഖ്യാപനവും നടത്തി. കെ.പി.എം.എ. സംസ്ഥാന പ്രസിഡന്റ് എം.എസ്. ജോർജ്ജ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. എ മുഹമ്മദ് ഹാനീഷ്, സംസ്ഥാന മലീനികരണ നിയന്ത്രണ ബോർഡ് ചെയർമാൻ എ.ബി. പ്രദീപ് കുമാർ, എ.എം.റ്റി.ഇ.സി. ചെയർമാൻ അരവിന്ദ് മേത്ത, ഓൾ ഇന്ത്യ പ്ലാസ്റ്റിക്ക് മാന്യു ഫാക്ചറിങ്ങ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് മയൂർ. ഡി. ഷാ എന്നിവരും പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു.



↑ കെ.പി.എം.എ. രജത ജൂബിലി ആഘോഷം ബഹു. വ്യവസായ നിയമ വകുപ്പ് മന്ത്രി പി രാജീവ് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു.



↑ കെ.പി.എം.എ. രജത ജൂബിലി ആഘോഷ പരിപാടിയിൽ സംസ്ഥാന പ്രസിഡന്റ് സംസാരിക്കുന്നു.




↑ കെ.പി.എം.എ. പ്രസിഡന്റ് സംസ്ഥാന ജനറൽ സെക്രട്ടറി പി.ജെ. ജോസിന് മെമ്മന്റോ നല്കി ആദരിക്കുന്നു.

# ജില്ലാ വാർത്തകൾ



കെ.എഫ്. സി. ചെയർമാൻ ആന്റ് മാനേജിങ്ങ് ഡയറക്ടർ സഞ്ജയ് കൗൾ ഐ.എ.എസ്. ബഹു. മന്ത്രി കെ.എൻ. ബാലഗോപാലിന് വാർഷിക പ്രവർത്തന റിപ്പോർട്ട് നല്കുന്നു.



കെ.എസ്.എസ്.ഐ. ജനറൽ സെക്രട്ടറി പി. ജോസിന്റെ അദ്ധ്യക്ഷതയിൽ സംസ്ഥാന കമ്മിറ്റി ഓഫീസിൽ വെച്ച് Taiwan's TAITRA ഡയറക്ടറുമായി നടന്ന കൂടി കാഴ്ച.




ബഹു. മന്ത്രി പി. രാജീവ് വ്യവസായ കരട് നയ ചർച്ചയിൽ സംസാരിക്കുന്നു.




സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ കരട് വ്യവസായ നയത്തിന്റെ നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നു.



സംസ്ഥാന സർക്കാരിന്റെ വ്യവസായ കരട് നയത്തിന്റെ മലയാളം കോപ്പി പ്രകാശനം ചെയ്യുന്നു.



കെ.എസ്.എസ്.ഐ.എ. എറണാകുളം ജില്ലയുടെ കലണ്ടർ പ്രകാശനം ചെയ്യുന്നു.

# ജില്ലാ വാർത്തകൾ



കൊല്ലം വെസ്റ്റ് റോട്ടറി ക്ലബ് മീറ്റിങ്ങിൽ റോട്ടറി ഡിസ്ട്രിക്റ്റ് ഗവർണർ ബാബുമോൻ കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീനെ പൊന്നാട അണിയിക്കുന്നു.



കൊല്ലം വെസ്റ്റ് റോട്ടറി ക്ലബ് മീറ്റിങ്ങിൽ റോട്ടറി പാസ്റ്റ് ഡിസ്ട്രിക്റ്റ് ഗവർണർ ശശികുമാർ കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീനെ മെമെന്റോ നല്കി ആദരിക്കുന്നു.



കെ.പി.എം.എ. യുടെ സൗത്ത് സോൺ കുടുംബ സംഗമം കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ ഉദ്ഘാടനം ചെയ്യുന്നു.



കെ.പി.എം.എ. യുടെ സൗത്ത് സോൺ കുടുംബ സംഗമത്തിൽ വെച്ച് സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ പി.ഡി. ജോർജ്ജിന് മെമെന്റോ നല്കുന്നു.

## ആദരാഞ്ജലികൾ



കേരള സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷന്റെ കാസർഗോഡ് ജില്ല ട്രഷററും സ്റ്റാൻഡേർഡ് ഹാചറീസ് ഉടമയുമായ **എൻ.എ. സുലൈമാൻ** അന്തരിച്ചു. പരേതന് കെ.എസ്.എസ്.ഐ. യുടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.



കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം നടത്തുന്ന ടെക്നോളജി ക്ലീനിക്ക് 2022-2023 സാങ്കേതിക ശില്പശാലയിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ ആശംസകൾ നേരുന്നു

# കെ.എസ്.എസ്.ഐ.എ. സോഷ്യൽ സെക്യൂരിറ്റി ഫണ്ട് ഓഫീസ് ഭാരവാഹികൾ



കെ.പി.രാമചന്ദ്രൻ നായർ
ചെയർമാൻ



പോൾ വാഴക്കാല
കൺവീനർ



എൻ. ജെ. റാഫേൽ
ട്രഷറർ



മോർളി ജോസഫ്
വൈസ് ചെയർമാൻ



കെ.റ്റി.സുഭാഷ് നാരായണൻ
ജോ.കൺവീനർ

# കെ.എസ്.എസ്.ഐ.എ. സോഷ്യൽ സെക്യൂരിറ്റി ഫണ്ട് ജില്ലാ ട്രസ്റ്റീസ്

| | | | |
|---|---|---|---|
| 1. | Sri.Balaraj Singh, Trivandrum | 2. | Sri. K.P.ramachandran Nair,Kollam |
| 3. | Sri.Morly Joseph, Pathanamthitta | 4. | Sri. K.K. Ramesh,Alappuzha |
| 5. | Sri. Benoy Kurian, Kottayam | 6. | Pro.Joseph T.Cyriac,Idukki |
| 7. | Sri. N.J.Raphael, Ernakulam | 8. | Sri. Paul Vazhakala,Thrissur |
| 9. | Sri. M. Saju Mohan, Palakkad | 10. | Sri. P.Devadas,Malappuram |
| 11. | Sri.K.Eshaque, Kozhikode | 12. | Sri. P.D.Suresh Kumar,Wayanad |
| 13. | Sri. K.P.Rajeevan, Kannur | 14. | Sri. K.T.Subash Narayanan,Kasargod |

**S**AFE
**A**ND
**R**ELIABLE
**K**ABLES




# SARK®
## HI TECH CABLES

VIII/638-M, NIDA, Kanjikode,Palakkad - 678 621 Ph : 94477 51312, 94477 17312
E-mail : sarkcables@gmail.com Website: www.sarkcables.com

MANUFACTURING UNITS AT:
**PALAKKAD • THODUPUZHA**

**AN IS / ISO 9001 - 2015 COMPANY**

IS:694 IS:1554/1 ISO CE RoHS

AN IS/ISO
9001 - 2015
COMPANY






**KSSIA NEWS**

# KSSIA NEWS
## (Vyavasayam)
## Monthly Magazine
## Advt. Tariff

| | | |
|---|---|---|
| Front Page Bottom (Colour) | - | 12,000 + G S T |
| Full Back page (Colour) | - | 12.000 + G S T |
| Full Back page inside (Colour) | - | 10,000 + G S T |
| Full Front Page inside (Colour) | - | 10,000 + G S T |
| Full page inside (Colour) | - | 9,000 + G S T |
| Half page inside (Colour) | - | 5,000 + G S T |
| Quarter page inside (Colour) | - | 3,000 + G S T |

Journal Size Demy 1/4
Number of pages – 24
**Discount**
For 12 months insertion 15%
For 6 months insertion 10%


TATA STEEL
#WeAlsoMakeTomorrow
TATA WIRON
#StrengtheningTomorrow
3D Mesh
Chain Link
Tomato Cage
Barbed Wire
അംഗീകൃത
വിതരണക്കാർ
MODERN
MODERN DISTROPOLIS LIMITED
Ph:1800-121-2354




# എല്ലാം ശരിയാകും

## സർട്ടിഫിക്കേഷൻ ശരിയാണെങ്കിൽ

ഭക്ഷ്യ ഉൽപാദക സ്ഥാപനങ്ങൾ, ഭക്ഷ്യ സംസ്കരണ കമ്പനികൾ, ഹോട്ടൽ, കാറ്ററിംഗ് സ്ഥാപനങ്ങൾ, എക്സ്പോർട്ടിംഗ് എന്നിങ്ങനെ ചെറുകിട, ഇടത്തരം ബിസിനസുകൾ ഉൾപ്പെടെ ഭക്ഷ്യ വിതരണ ശൃംഖലയിലെ എല്ലാ തരത്തിലുമുള്ള ബിസിനസുകൾക്കും ഭക്ഷ്യ സുരക്ഷാ സർട്ടിഫിക്കേഷൻ ബാധകമാണ്

കൂടുതൽ വിവരങ്ങൾക്ക്

**NATIONAL CENTRE FOR HACCP CERTIFICATION**

2, Vidhya Nagar, Opposite Police Ground,
Thycaud P.O., Thiruvananthapuram - 695014.
Tel: +91 471-2321882 Fax: +91 471-2322883
Email: info@haccpindia.org
www.haccpindia.org

32 YEARS OF NATION BUILDING...

GIVING WINGS TO MSME DREAMS

Azadi Ka Amrit Mahotsav

Digital Credit | Institutional Financing | Micro Financing | Venture Capital | Government Schemes | Cluster Development | Green Financing | Enterprise Development | Credit Guarantee | Credit Ratings

# SIDBI Thematic Assistance for Purchase of Capital Assets in New Enterprises (STHAPAN)

**Objective:**

Financial assistance to Greenfield Units for setting up new units which includes:

✓ purchase of land,

✓ construction of factory building,

✓ purchase of equipment, plant & MFA etc.

**Key Features:**

- Attractive RoI
- Quicker sanction

**Eligibility:**

- New Entities or Greenfield units are eligible
- Promoters should have minimum 5 years of business experience (Minimum 3 years for loans upto Rs.5 crores)
- Promoters Contribution - Minimum 25%
- Standard Norm apply (CIBIL/CMR, due diligence etc.)

**Loan Amount:**

- TL upto Rs. 20 Cr., subject to maximum of 75% of the project cost

**Target Group:**

- MSMEs setting up units in identified sectors under Production Linked Incentive Scheme (as per the list identified by GoI), high growth/ sunrise sectors and other important sectors

**Interest Rate and Repayment:**

- Interest Rate- Based on Repo Rate with applicable spreads (as per internal rating)
- Repayment - Generally upto 7 years (Including moratorium upto 2 years)





## Financing End to End Energy Efficiency (4E) Investments in MSMEs

**Objective :**

Promote Energy Efficiency in MSMEs in India, Reduce the emission of greenhouse gases, especially Carbon Dioxide ($Co_2$) to contribute towards climate change mitigation and support MSMEs towards sustainable development, up-scaling, demonstration and commercialization of innovative technologies.

**Key Features :**

- Attractive RoI
- Quicker sanction
- Detailed Energy Audit (DEA) through a technical agency having Bureau of Energy Efficiency certified Energy Auditors
- No DEA prescribed if 60% of the machines are Energy Efficient

**Eligibility :**

- Minimum one year of operation
- Should not be in default to any Bank/FIs

**Target Sectors / Areas :**

- Manufacturing and Service sector
- Energy Efficient Technologies
- Renewable Technologies

**Loan Amount :**

- 100% funding with cash collateral in the form of SIDBI FDR
- Minimum loan - Rs. 10 lakh and
- Maximum loan - Rs. 500 lakh

**Interest Rate & Repayment :**

- Based on present MCLR with applicable spreads.
- Repayment: upto 60 months
- Moratorium: upto 6 months

**Benefits of MSMEs :**

- Improvement in Energy Efficiency
- Better Profitability by reduction in Energy & fuel cost upto 25%
- Finance at concessional RoI and softer terms
- Reimbursement upto 70% energy audit fees paid subject to certain conditions



## Assistance to Re-Energize Capital Investments by SMEs (ARISE)

**Objective:**

Financial assistance shall be provided to brownfield/ existing entities for under taking expansion/ modernization/ capital expenditure in the same line of business.

**Key Features:**

- Attractive RoI
- 100% financing for loans upto Rs. 5 crore, based on minimum 25% FD (interest bearing)
- Quicker sanction & disbursement

**Eligibility:**

- Minimum two years of operation and audited accounts [for at least two full years]
- Cash profits in last audited financial results
- Standard Norm apply (CIBIL/CMR, due diligence, GST Rating Index etc.)

**Target Group:**

- MSMEs engaged in high growth and priority sectors (including sunrise sectors)

**Loan Amount:**

- TL upto ~ Rs.7 Cr., subject to maximum of 80% of the project cost

**Interest Rate and Repayment:**

- Interest Rate- Based on Repo Rate with applicable spreads (as per internal rating)
- Repayment - Generally upto 7 years (Including moratorium upto 1- 2 years)

Moratorium - 6 months for loans upto Rs. 3 crores.



To Know more, visit our nearest branch. Locate us at: www.sibdi.in

Follow us on SIDBIofficial | sidbiofficial | sidbiofficial | SIDBI Official

SIDBI (Small Industries Development Bank of India)

Email : kochi@sidbi.in | Contact: 0484 4028313, 4025313

sidbi

भारतीय लघु उद्योग विकास बैंक

Small Industries Development Bank of India

Ground Floor, M T Plaza, 64/2842, Kaloor-Kadavanthara Road, Kochi, Kerala-682017

Email: kochi@sidbi.in, Phone: 0484 4028313, 4025313

ഭാരതീയ ചെറുകിട വ്യവസായ വികസന ബാങ്ക്

കൊച്ചി ശാഖ

ഗ്രൗണ്ട് ഫ്ളോർ, എം ടി പ്ലാസ, 64/2842, കലൂർ–കടവന്ത്ര റോഡ്, കൊച്ചി, കേരളം–682017

ഇമെയിൽ: kochi@sidbi.in, ഫോൺ: 0484 4028313, 4025313

@sidbiofficial | @SIDBIOfficial | SIDBI | @sidbiofficial | SIDBI Official




Printed and Published by **K.P.Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, H M T Industrial Estate, H M T Colony P.O., Kalamassery - 683 503. Phone: 0484-2532120, Email: kssiastate@gmail.com, and Printed at Rajsree Industrial Printers, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at H M T Industrial Estate, Kalamassery, Ernakulam District. Editor: S. Salim.